# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

പി.ആർ.ഒ/35/08/2017 <u>പത്രക്കുറിപ്പ്</u> 2017 ജനുവരി 11

**പരീക്ഷാതീയതി**

ഒന്നാം സെമസ്റ്റർ എം.ബി.എ (പുതിയ സ്കീം-2016 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ സപ്ലിമെന്ററി/2013 & 2014 അഡ്മിഷൻ സപ്ലിമെന്ററി/2012 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ ജനുവരി 25 ന് ആരംഭിക്കും

**പരീക്ഷാഫലം**

2016 നവംബറിൽ നടത്തിയ ആറാം സെമസ്റ്റർ എം.സി.എ (അഫിലിയേറ്റഡ് കോളേജ്/യൂണിവേഴ്സിറ്റി കോളേജ് അപ്ലൈഡ് സയൻസ് - 2013 അഡ്മിഷൻ റഗുലർ, ലാറ്ററൽ എൻട്രി-2014 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. 2013 അഡ്മിഷൻ റഗുലർ വിഭാഗത്തിൽ മൂവാറ്റുപുഴ നിർമല കോളേജിലെ സ്രുമി സാജൻ (3457/4000) ഒന്നാം റാങ്കും, ചങ്ങനാശ്ശേരി ക്രിസ്തു ജ്യോതി കോളേജ് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജിയിലെ അൻസു മറിയം (3423/4000) രണ്ടാം റാങ്കും, നോർത്ത് പരവൂർ ശ്രീനാരായണഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ ്സയൻസ് & ടെക്നോളജിയിലെ വിദുല തോമസ്സ്(3420/4000) മൂന്നാം റാങ്കും നേടി. 2014 അഡ്മിഷൻ ലാറ്ററൽ എൻട്രി വിഭാഗത്തിൽ കടമ്മനിട്ട മൗണ്ട് സിയോൺ കോളേജ് ഓഫ് എഞ്ചിനിയറിങ്ങിലെ ദേവികൃഷ്ണ(2192/2600) ഒന്നാം റാങ്കും, കോലഞ്ചേരി ശ്രീനാരായണ ഗുരുകുലം കോളേജ് ഓഫ് എഞ്ചിനിയറിങ്ങിലെ അശ്വതി സജീവൻ (2178/2600) രണ്ടാം റാങ്കും, അങ്കമാലി ഫെഡറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിലെ ആദർശ് കടമേരി (2101/2600) മൂന്നാം റാങ്കും നേടി.

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി അപ്ലൈഡ് ഫിഷറീസ് & അക്വാകൾച്ചർ (പി.ജി.സി.എസ്.എസ്-റഗുലർ/ബെറ്റർമെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യ നിർണയത്തിനുമുള്ള അപേക്ഷകൾ ജനുവരി 24വരെ സ്വീകരിക്കും.

2016 ജൂണിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി സ്പേസ് സയൻസ് & ടെക്നോളജി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യ നിർണയത്തിനുമുള്ള അപേക്ഷകൾ ജനുവരി 24വരെ സ്വീകരിക്കും.

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് കമ്മ്യൂണിക്കേഷൻ & ജേർണലിസം പി.ജി.സി.എസ്.എസ് (റഗുലർ/ ബെറ്റർമെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യ നിർണയത്തിനുമുള്ള അപേക്ഷകൾ ജനുവരി 24വരെ സ്വീകരിക്കും.

**ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം**

യു.ജി.സി യുടെ 12-ാംപദ്ധതിയിലെ ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം മുഖേന ഗവേഷണം നടത്തുന്നതിന് യോഗ്യരായ കോളേജ് അദ്ധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ നിശ്ചിത അപേക്ഷാ ഫോറത്തിൽ അനുബന്ധസാക്ഷ്യപത്രങ്ങളോടൊപ്പം കോളേജ് പ്രിൻസിപ്പൽമാർ മുഖേന ജനുവരി 31 നകം കോളേജ് ഡവലപ്മെന്റ് കൗൺസിൽ ഓഫീസിൽ എത്തിക്കണം. യു.ജി.സി ധനസഹായത്തൊടെ മറ്റു ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ അപേക്ഷക്കേ തില്ല. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്ബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ : 0481 2731013

**അക്കാദമിക് കൗൺസിൽ യോഗം**

മഹാത്മാഗാന്ധി സർവ്വകലാശാലാ അക്കാദമിക് കൗൺസിലിന്റെ പ്രത്യേക യോഗം ജനുവരി 21 രാവിലെ 10.00 മണിക്ക് സർവ്വകലാശാലാ സെനറ്റ് ഹാളിൽ വച്ച് നടത്തും.

**മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ അന്തർ ദേശീയ പ്രഭാഷണം ഇന്ന്.**

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി ഇന്ന് (ജനുവരി 12) രാവിലെ 10.30 മുതൽ 11.30 വരെ സ്ക്കൂൾ ഓഫ് കെമിക്കൽ സയൻസ് സെമിനാർ ഹാളിൽ വച്ച് അന്തർ ദേശീയ പ്രഭാഷണം നടത്തുന്നു. ലോക പ്രശസ്ത പോളിമർ സയന്റിസ്റ്റും അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയായിലെ പ്രൊഫസറുമായ ഡോ ; ഷൈനി വർഗ്ഗീസ് ''എക്സ്ട്രാ സെല്ലുലാർ മെട്രിക്സിന്റെ രാസഭൗതിക സ്വഭാവങ്ങൾ'' എന്ന വിഷയത്തെ ആധാരമാക്കി പ്രഭാഷണം നടത്തും. പ്രൊഫ : സാബുതോമസ്സ്, ഡോ : നന്ദകുമാർ കളരിക്കൽ എന്നിവർ നേതൃത്വം നൽകും. വിശദ വിവരങ്ങൾക്ക് : 9447149547, ഇ.മെയിൽ : josejameskadathala@gmail.com

**ഗവർണറും മുഖ്യമന്ത്രിയും ഇന്ന് (ജനു : 12 ) എം.ജി. സർവ്വകലാശാലയിൽ**

കേരളത്തിലെ മികച്ച സർവ്വകലാശാലയ്ക്ക് ചാൻസിലർ കൂടിയായ ഗവർണർ നൽകുന്ന പുരസ്കാരത്തിന് അർഹമായ മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് ഇന്ന് (ജനുവരി 12) ജസ്റ്റിസ് (റിട്ട:) പി.സദാശിവം ട്രോഫിയും പ്രശംസാപത്രവും 5 കോടി രൂപയും സമ്മാനിക്കും. ഉച്ചകഴിഞ്ഞു 3 മണിക്ക് സർവ്വകലാശാലാകാമ്പസിൽ പ്രത്യേകം തയ്യറാക്കിയ പന്തലിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ അദ്ധ്യക്ഷത വഹിക്കും. വിദ്യാഭ്യാസ മന്ത്രി പ്രൊഫ : സി രവീന്ദ്രനാഥ് മുഖ്യ പ്രഭാഷണം നടത്തും.

ഗവർണറുടേയും മുഖ്യമന്ത്രിയുടെയും സന്ദർശനം പ്രമാണിച്ച് വിപുലമായ ഒരുക്കങ്ങൾ ആണ് സർവ്വകലാശാലയിൽ നടത്തിയിട്ടുള്ളത്. ജനപ്രതിനിധികളും മുൻ വൈസ് ചാൻസിലർമാരും ക്ഷണിക്കപ്പെട്ട അതിഥികളുമുൾപ്പെടെ ആയിരത്തിഅഞ്ഞൂറോളം ആളുകളെ സമ്മേളനത്തിനു പ്രതീക്ഷിക്കുന്നു. സർവ്വകലാശലയുടെ 2015-16 കാലത്തെ അക്കാദമികവും ഭരണപരവുമായ നേട്ടങ്ങളെ വിലയിരുത്തിയാണ് അവാർഡു നിർണ്ണയ സമിതിപുരസ്കാരത്തിന് തെരഞ്ഞെടുത്തിരിക്കുന്നത്.

സർവകലാശാലയിലെ സിൽവർ ജൂബിലി പരീക്ഷാഭവൻ അങ്കണത്തിൽ നടക്കുന്ന പുരസ്കാരദാന ചടങ്ങിന് ജോസ്.കെ.മാണി എം.പി യും, സുരേഷ്കുറുപ്പ് എം.എൽ.എ യും ആശംസകൾ നേരും. ഗവർണറുടെ സെക്രട്ടറി ദേവേന്ദ്രകുമാർ ദൊഡാവത് സ്വാഗതവും വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ കൃതജ്ഞതയും രേഖപ്പെടുത്തും.

**ഇന്ന് (ജനു : 12 ) സർവ്വകലാശാലയിൽ പ്രവേശന നിയന്ത്രണം.**

ചാൻസിലേഴ്സ് അവാർഡ് നൽകുന്ന ചടങ്ങ് നടക്കുന്നതിനാൽ ഇന്ന് (ജനു : 12 ) സർവ്വകലാശാല കാമ്പസിൽ മറ്റു വാഹനങ്ങൾ പ്രവേശിപ്പിക്കുന്നതല്ല. വാഹനങ്ങൾ സർവ്വകലാശാല ഗ്രൗ ിൽ പാർക്ക് ചെയ്യണം. സർവ്വകലാശാല കാമ്പസിലെ എല്ലാ ഡിപ്പാർട്ടുമെന്റുകളിലെയും വിദ്യാർത്ഥികൾക്ക് ഇന്ന് ഉച്ചയ്ക്കുശേഷം അവധി ആയിരിക്കും. പരീക്ഷാഭവനിൽ വിദ്യാർത്ഥികളുടെ പ്രവേശനത്തിന് നിയന്ത്രണമു ാവും.

**ത്രിദിന ദേശീയ സെമിനാർ**

മഹാത്മാഗാന്ധി സർവ്വകലാശാല, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ജനുവരി 31, ഫെബ്രുവരി 1, 2 തീയതികളിൽ യു.ജി.സി സ്പോൺസേർഡ് ത്രിദിന ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. വിഷയം : ഡെവലപ്മെന്റ് ഇൻഡ്യൂസ്ഡ് ഡിസ്പ്ലേസ്മെന്റ് ഇഷ്യൂസ് ആൻഡ് ചാലഞ്ചസ്, വിശദ വിവരങ്ങൾക്ക് ഫോൺ : 9496114094

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**